(ബി) നിലവിലുള്ള നിയമപ്രകാരം ക്ഷീരവികസന വകുപ്പിൽനിന്നും പ്രത്യേകം വിതരണാനുമതി ആവശ്യമില്ല.

(സി) ക്ഷീരവികസന വകുപ്പിന്റെ ജില്ലാതല ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളിലും സ്റേറ്റ് ഡയറി ലബോറട്ടറിയിലും വിപണിയിൽ ഉള്ള പായ്ക്ക് ചെയ്ത പാലിന്റെ ഗുണമേൻമ പരിശോധിക്കുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) കേരള സംസ്ഥാന ക്ഷീരവിപണന ഫെഡറേഷൻ അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

നഗരപ്രദേശങ്ങളിലെ വീട്ടമ്മമാർക്കായി മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

96 [433] *ശ്രീ. കെ. മോഹൻകുമാർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ വീട്ടമ്മമാർക്ക് സ്വയം തൊഴിലിലൂടെ വരുമാന വർദ്ധനവിനുവേണ്ടി മൃഗസംരക്ഷണവകുപ്പ് മുഖേന നേരിട്ട് നടത്തുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) നഗരപ്രദേശങ്ങളിൽ ആടുവളർത്തലിന് പ്രോത്സാഹനം നൽകുന്ന പുതിയ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) നഗരപ്രദേശങ്ങളിലെ ഇടത്തരം വരുമാനക്കാരായ സ്ത്രീകൾക്ക് വേണ്ടി നല്ലയിനം മുട്ടക്കോഴിയും കോഴിക്കുഞ്ഞുങ്ങളും വിതരണം ചെയ്യുന്ന പുതിയൊരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൃഗസംരക്ഷണവകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ചില പരിപാടികൾ നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) & (സി) ഇപ്പോൾ മുട്ടക്കോഴികുഞ്ഞുങ്ങളുടെ വിതരണത്തിൽ നഗരത്തിലുള്ള ബ്രോളാക്കുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇക്കോ കയർ വില്ലേജുകളുടെ ശിലാസ്ഥാപനം

97 [435] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. വർക്കല കഹാർ:
,, വി. ഡി. സതീശൻ:
,, ടി. യു. രാധാകൃഷ്ണൻ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് കയർഫെഡിന്റെ ആഭിമുഖ്യത്തിൽ എവിടെയെല്ലാം ഇക്കോ കയർ വില്ലേജ് ആരംഭിക്കുവാൻ പരിപാടി ഉണ്ടായിരുന്നു;

(ബി) അതിൽ എവിടെയെല്ലാം ഇക്കോ കയർ വില്ലേജ് സ്ഥാപിക്കുന്നതിനുള്ള ശിലാസ്ഥാപനം നടത്തിയിട്ടുണ്ട്; ഇതിലേക്ക് എന്ത് തുക ചെലവായി;

(സി) ഈ പദ്ധതിക്കുവേണ്ടി ശിലാസ്ഥാപനം നടത്തിയ ഏതെങ്കിലും സ്ഥലം സ്വകാര്യഭൂമിയായിരുന്നുവോ;

(ഡി) അവിടെ ഇക്കോ കയർ വില്ലേജ് സ്ഥാപിക്കുന്നതിന് ഭൂമി നികത്തുവാൻ എന്ത് തുക ചെലവായി;

(ഇ) അവിടെ ഇക്കോ കയർ വില്ലേജ് സ്ഥാപിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(എഫ്) പ്രസ്തുത സ്ഥലത്തിന്റെ ഉടമ അത് വിൽക്കുകയുണ്ടായോ;

(ജി) സ്വകാര്യ ഭൂമിയിൽ ശിലാസ്ഥാപനം നടത്തുകയും ഇക്കോ കയർ വില്ലേജ് സ്ഥാപിക്കാതെന്ന വ്യാജേന തുക ചെലവഴിക്കുകയും ചെയ്തവരുടെ മേൽ എന്ത് നടപടി എടുത്തു;

(എച്ച്) അന്ന് കയർഫെഡ് ചെയർമാൻ ആരായിരുന്നു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) കയർ ഫെഡിന്റെ ആഭിമുഖ്യത്തിൽ ഇക്കോ കയർ വില്ലേജ് ഹരിപ്പാട് സ്ഥാപിക്കാൻ പരിപാടി ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly